# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 37/2021 (ചൊവ്വാഴ്ച)** **തീയ്യതി:11.05.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 12.05.2021 | 13.05.2021 | 14.05.2021 | 15.05.2021 | 16.05.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 2 | 1 | 8 | 7 | 35 |
| ഉയർന്ന താപനില (ºC) | 36 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില (ºC) | 27 | 27 | 27 | 27 | 27 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 4 | 4 | 4 | 9 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 190 | 190 | 250 | 70 | 140 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 8 | 8 | 8 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരുന്ന ആഴ്ച്ചയിൽ മിതമായ മഴയ്ക്ക് സാധ്യത. കൂടിയ താപനില 36ºC വരെയും കുറഞ്ഞ താപനില 27ºC വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണം ഒഴിവാക്കുന്നതിനായി മഴയ്ക്ക് മുൻപ് തന്നെ കളകളും ഉണങ്ങിയതും രോഗം ബാധിച്ചതുമായ ചെടികളും കൃഷിയിടങ്ങളിൽ നിന്നും നീക്കം ചെയ്തു വൃത്തിയായി സൂക്ഷിക്കുക.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **നെല്ല്** | നടീൽ പ്രവർത്തനങ്ങൾ | വിരിപ്പ് കാലത്തേക്കുള്ള നെൽച്ചെടി പറിച്ചുനടുന്നതിനു വേണ്ടിയുള്ള കൃഷിസ്ഥലങ്ങൾ ഒരുക്കുക. ജൂൺ ആദ്യവാരം പറിച്ചു നടുന്നതിന് വേണ്ടിയുള്ള നെല്ല്ചെടികൾക്ക് നഴ്സ്സറി തയ്യാറാക്കുക.<br>വിത്തിൻറെ അളവ്: 24-34 kg/acre<br>വിത്ത് പരിപാലനം(സ്യുഡോമോണാസ്):10 g/kg<br>വളപ്രയോഗം : കാലി വളമായോ കമ്പോസ്റ്റ് ആയോ<br>1 kg /m^2 എന്ന തോതിൽ ഉഴുവലിനൊപ്പം മണ്ണിൽ ചേർത്തുകൊടുക്കണം<br>ബെഡിന്റെ വലുപ്പം : 5 മുതൽ 10 സെന്റിമീറ്റർ വരെ ഉയരവും,1 മുതൽ 1.5 സെന്റിമീറ്റർ വരെ വീതിയും ,സൗകര്യപ്രദമായ നീളവുംഎടുക്കാം.<br>പറിച്ചുനടാനുള്ള മൊത്തം സീഡ്ബെഡ് വിസ്തീർണ്ണം :<br>1000 മീ ^ 2 / ഹെക്ടർ ആയിരിക്കണം |

| | | |
|---|---|---|
| വാഴ | ഇലപ്പുള്ളിരോഗം | വാഴയിൽ ഇലപ്പുള്ളിരോഗം വരാൻ സാധ്യതയുണ്ട് .മുൻകരുതലായി സ്യൂഡോമോണാസ് 20 g ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിക്കുക |
| തെങ്ങു | | തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി തെങ്ങിന്റെ ചുവട്ടിൽ നിന്നു മൂന്നു മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാല് കീറിയോ, ഓരോ തെങ്ങിന്റെ കടക്കു ചുറ്റും തടിയിൽ നിന്നും രണ്ടു മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരികൾ നിരത്തിയ ശേഷം മണ്ണിട്ട് മൂടാം |
| കന്നുകാലികൾ | | തീറ്റ ചാക്കുകൾ ചുമരിൽ ചാരി വക്കാതെ മരപ്പലകയുടെയോ ഇരുമ്പ് പലകയുടെയോ മുകളിൽ സൂക്ഷിക്കുക. തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷബാധയ്ക്ക് കാരണമാകും |